## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - *369 17/10/2011 ൽ മറുപടിയ്ക്ക്

## അവിവാഹിതരായ ആദിവാസി അമ്മമാർക്ക് പുനരദ്ധാരണ പാക്കേജ്

ചോദ്യം

ശ്രീ. വർക്കല കഹാർ
" വി.റ്റി. ബൽറാം
" പാലോട് രവി
" ഷാഫി പറമ്പിൽ

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അവിവാഹിതരായ ആദിവാസി അമ്മമാർക്കായുള്ള പുനരദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ഭൂമിയും വീടും ഇല്ലാത്ത അവിവാഹിതരായ ആദിവാസി അമ്മമാർക്ക് അവ ലഭ്യമാക്കുന്നതിനും, ഉപജീവനത്തിനായുള്ള വരുമാനദായകമായ പദ്ധതിയിൽപ്പെടുത്തി പശു, ആട്, കോഴി എന്നിവ വാങ്ങി നല്കുന്നതിനും, തയ്യൽ പരിശീലനം നല്കുന്നതിനും, തയ്യൽ മെഷീൻ വാങ്ങി നല്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഈ പാക്കേജിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ബി) | 6,89,08,500/- രൂപയുടെ പ്രോജക്ടിന് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | പാക്കേജ് എന്ന് നടപ്പിലാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) | 6 മാസത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ